"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - LID&EW - ജീവനക്കാര്യം- ശ്രീമതി മാലിനി.കെ.-യുടെ(പെൻ-449342)- അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം - ദീർഘിപ്പിച്ച് - ഉത്തരവുപുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്**

സ.ഉ.(സാധാ) നം.1697/2026/LSGD തീയതി,തിരുവനന്തപുരം, 08-09-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ഡയറക്ടർ (DE)-യുടെ 03.08.2026-ലെ LSGD/PD/26795/2025-DEH5 നമ്പർ നടപടിക്രമം.
2. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.08.2026-ലെ LSGD/PD/26795/2025-DEH5 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണവകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീമതി മാലിനി.കെ-യുടെ (പെൻ-449342) നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകുന്നതിനായി പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ സമർപ്പിച്ചു. ശ്രീമതി മാലിനി.കെ. (പെൻ-449342), 09.08.2019 പൂർവ്വാഹ്നത്തിൽ അസിസ്റ്റന്റ് എഞ്ചിനീയറായി സേവനത്തിൽ പ്രവേശിച്ചെന്നും; നിരീക്ഷണകാലം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുന്നതിന്, നിർദ്ദിഷ്ട വകുപ്പുതല പരീക്ഷ പാസ്സായിരിക്കണം എന്ന നിബന്ധന, ടിയാൾ യഥാസമയം പാലിച്ചിട്ടില്ലെന്നും, പ്രൊബേഷൻ കാലയളവിൽ പ്രൊബേഷന് പരിഗണിക്കാത്ത അവധികൾ ഒന്നും ടിയാൾ ഉപയോഗപ്പെടുത്തിയിട്ടില്ലെന്നും, ടിയാൾക്കെതിരെ അച്ചടക്കനടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തു. അതിനാൽ, ടിയാളുടെ നിരീക്ഷണകാലയളവ്, 09.08.2021 മുതൽ 08.08.2022 വരെ ഒരു വർഷക്കാലയളവിലേയ്ക്ക് പരാമർശം (1) പ്രകാരം ദീർഘിപ്പിച്ചു നൽകി. അതോടൊപ്പം, ടിയാളുടെ ജനനതിയതി 16.05.1974 ആയതിനാൽ 15.05.2024-ൽ 50 വയസ്സ് പൂർത്തിയായെന്നും, അതിനാൽ കെഎസ് &എസ് എസ് ആർ ഭാഗം II റൂൾ 13(b) പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ നിന്നും ടിയാളെ ഒഴിവാക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ടു ചെയ്തു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2)-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി മാലിനി.കെ-യ്ക്ക് (പെൻ-449342) 15.05.2024-ൽ 50 വയസ്സ് പൂർത്തിയായ സാഹചര്യത്തിൽ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണകാലം 16.05.2024 പൂർവാഹ്നത്തിൽ തൃപ്തികരമായി പൂർത്തീകരിച്ചതായി പ്രഖ്യാപിക്കുവാൻ സാധിക്കത്തക്കവിധം, ടിയാളുടെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ നിരീക്ഷണ കാലയളവ്, 1958-ലെ കെ.എസ്&എസ്.എസ്.ആർ ഭാഗം II, ചട്ടം 21 പ്രകാരം, 09.08.2022

മുതൽ 17.05.2024 വരെ ദീർഘിപ്പിച്ച നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി മാലിനി.കെ.(പെൻ-449342) ), അസിസ്റ്റന്റ് എഞ്ചിനീയർ (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/244/2026-LSGD)

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 09-09-2026
08:43:43

സെക്ഷൻ ഓഫീസർ